വാങ്ങിയസംഖ്യയുടെ ഇരട്ടിയിലധികം തിരിച്ചടയ്ക്കുന്നതിനു വേണ്ടി യുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. Revenue Recovery നടപടി സ്റ്റേ ചെയ്തിരുന്നുവെങ്കിലും അതിന്റെ സമയം ഇന്നത്തോടുകൂടി തീരുക യാണ്. അതുകൊണ്ട് പലിശ ഒഴിവാക്കി, ആ ലോൺ വാങ്ങിയ തുക ഗഡു ക്കളായി തിരിച്ചടയ്ക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്) : സർ, വായ്പ കൊടുത്താൽ അത് തിരിച്ചുവാങ്ങാതിരുന്നാൽ ഒരു ഹൗസിംഗ് സ്കീമുകളും നടപ്പാകുകയില്ല. ഇതിന്റെ റവന്യൂ റെക്കവറി നടപടികളും താൽക്കാലിക മായി സ്റ്റേ ചെയ്തിരുന്നു. ഏതെങ്കിലുംനിലയിൽ ഈ തുക ഗഡുക്ക ളായി തിരിച്ചടയ്ക്കുവാനുള്ള ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്. അതി നുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(17) കെട്ടിട നിർമ്മാണത്തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും

ശ്രീ. എ. സി. ജോസ് : സർ, ഈ രാജ്യത്തെ കെട്ടിട നിർമ്മാണത്തൊഴി ലാളികളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് ഞാനീസഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ, കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി, ഒരു ക്ഷേമ നിധി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യവശാൽ ബഡ്ജറ്റിൽ അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ബുദ്ധി മുട്ടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മീഷനെ വയ്ക്കുകയും ആ കമ്മീഷന്റെ റിപ്പോർട്ട് ഇവിടെ വരുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ തയ്യാറാകണം. അതിനു അനുസൃതമായിട്ടുള്ള നിയമനടപടികളും, എന്തെല്ലാം ബുദ്ധിമുട്ടു കളുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം അക്കാര്യത്തിൽ ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, മഹാബലറാവുക്കമ്മീഷന്റെ റിപ്പോർട്ട് വരികയും അത് പരിഗണിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു ബില്ല് ഡ്രാഫ്റ്റ് ചെയ്യുകയുമുണ്ടായി. അത് ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ച്, ചില Policy decision-ന് വേണ്ടി, അത് ഗവൺമെന്റിലേക്ക് അയയ്ക്കുകയും തീരുമാനമെടുത്ത് അത് വീണ്ടും ലാ ഡിപ്പാർട്ടുമെന്റിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അത് ബില്ലാക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്.

(18) തളിപ്പറമ്പ നിയോജകമണ്ഡലത്തിലെ വരഡൂൽ പാലത്തിന്റെ നിർമ്മാണം

ശ്രീ. സി. പി. മൂസ്സാൻ കുട്ടി : എന്റെ നിയോജകമണ്ഡലത്തിലുള്ള വരഡുൽപ്പാലം അടിയന്തിരമായി പണിയുന്നതിനെക്കുറിച്ചാണ് എനിക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുവാനുള്ളത്. താലൂക്ക് തലസ്ഥാനവുമായി ബന്ധപ്പെട്ട് താലൂക്ക് മുനിസിഫ് കോടതി, താലൂക്ക് ഹെഡ് ക്വാർടേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രി. ഇവിടെയെല്ലാം തന്നെ വരുന്നതിനുവേണ്ടി മൊയ്യം, കുറുമാത്തൂർ, പെങ്ങളായി, മയ്യിൽ, കണ്ടക്കൈ, ആന്തൂർ, കുളച്ചേരി എന്നീ പ്രദേശങ്ങളിൽ നിന്നും വരുന്നതിനായിട്ടുള്ളതാണ് ഈ പാലം. ശ്രീ. പങ്കജാക്ഷൻ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ ഈ സ്ഥലത്ത് പോയി. അതിന്റെ ആവശ്യകത മനസ്സിലാക്കി അടിയന്തിര നടപടികളും സ്വീകരിച്ചു കൊണ്ട് അവിടെ ഒരു മരപ്പാലം പണിതിട്ടുണ്ട്. ഇത് എം. എൽ. എ റോഡിൽപ്പെട്ട പാലമാണ്. സർ, ഈ പാല, ആയിരക്കണക്കിന് ആളുകൾക്കും രോഗികൾക്കും ഗതാഗതത്തിനുവേണ്ടിയുള്ള പാലമാണ്. അതുകൊണ്ട് എം. എൽ. എ. റോഡിൽപ്പെട്ടിട്ടുള്ള വരഡുൽ പാലത്തിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ പാലം നിർമ്മിക്കേണ്ടത് കാവുമുനമ്പ്, മുള്ളൂർ, വെള്ളിക്കൈ, ഏഴാമൈ തൃച്ചമ്പം, മൊയ്യം, കോംമട്ട എന്നീ റോഡുകളിലെ 13.060 കിലോമീറ്ററിലാണ്. ഈ റോഡ് എം. എൽ. എ. റോഡിൽപ്പെടുന്നതാണ്. ഈ റോഡിന്റെ ഒന്നാം ഘട്ടത്തിന്റെ പണിക്ക് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പണിയേറ്റടുത്ത് നടത്തുന്നതിനുള്ള അനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിന്റെ പണി അവസാനിക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിന്റെ പണിയും തുടർന്നു നടത്തുന്നതാണ്. അതിന്റെ ഭരണാനുമതിക്ക് അയ്യക്കാനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വരഡുൽപാലം രണ്ടാം ഘട്ടത്തിന്റെ പണിയിലാണ് ഉൾപ്പെടുന്നത്. പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി, ഭരണാനുമതി, സാങ്കേതികാനുമതി, എന്നീ നടപടി ക്രമങ്ങളും പൂർത്തിയാക്കിയതിനു ശേഷമേ പണി ആരംഭിക്കാൻ സാദ്ധ്യമാകുകയുള്ളു.

(19) പെരിയാർ നദിയിലെ ജലമലിനീകരണം

ശ്രീ. കെ. മുഹമ്മദാലി : സർ, എറണാകുളം ജില്ലയിലെ ജനങ്ങളും കുടിവെള്ളത്തിനു ആശ്രയിക്കുന്നത് പെരിയാർ നദിയിലെ വെള്ളമാണ്. കഴിഞ്ഞ കുറെ വർഷങ്ങൾക്കുമുമ്പ് ഔഷധവീര്യമുള്ള ജലമാണ് പെരിയാർ നദിയിലൂടെ ഒഴുകികൊണ്ടിരുന്നത്. ഇന്ന് ആശങ്കാജനകമായ രീതിയിൽ പെരിയാർ നദിയിലെ വെള്ളം മലിനീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ദേശീയതലത്തിൽ നടന്ന ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ മാരകമായ വിഷദ്രാവകങ്ങളുടെ കലവറയായി ഇന്നു പെരിയാർ നദി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗംഗാനദി ശുദ്ധീകരണ പദ്ധതിപോലെ വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി എറണാകുളം ജില്ലയിലെ ജനങ്ങളേ മൊത്തത്തിൽ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തെ നേരിടുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചാൽ കേന്ദ്രഗവൺമെന്റിൽനിന്ന് സഹായം നേടുവാൻ കഴിയുന്നതാണ്. ഏതായാലും ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്. അങ്ങേയറ്റം മലിനീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. വ്യവസായസ്ഥാപനങ്ങളിലെ വിഷദ്രാവകങ്ങളും അതുപോലെ തന്നെ ഓടകളിലെ വെള്ളവുമെല്ലാം ഈ നദിയിൽ തുറന്നു വിടുന്നതു കാരണം വളരെ മോശമായ, ഏറ്റവും വിഷലിപ്തമായ രീതിയിൽ ആ പുഴയിലെ വെള്ളം മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് അടിയന്തിരമായ നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly